**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 124** **22-07-2021 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ മണ്ഡലത്തിൽ ട്രഷറികളുടെ പ്രവർത്തന വിപുലീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ബാലചന്ദ്രൻ** | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ മണ്ഡലത്തിൽ ട്രഷറികളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ? | (എ) | തൃശ്ശൂർ ജില്ലാ ട്രഷറി, സബ് ട്രഷറി തൃശ്ശൂർ, അഡീഷണൽ സബ് ട്രഷറി തൃശ്ശൂർ എന്നിവയാണ് തൃശ്ശൂർ മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ട്രഷറികൾ. ഇതിൽ സർക്കാർ കെട്ടിടത്തിലല്ലാത്ത തൃശ്ശൂർ അഡീഷണൽ സബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി എഞ്ചിനിയറിംഗ് കോളേജ് കോമ്പൗണ്ടിൽ 10 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലാണ്. ട്രഷറികളുടെ ഭൗതിക സാഹചര്യം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി തൃശ്ശൂർ ജില്ലാ ട്രഷറിയുടെയും തൃശ്ശൂർ സബ് ട്രഷറിയുടെയും യഥാക്രമം അനുവദിച്ച 5,78,000/- രൂപയുടേയും 21,05,000/- രൂപയുടേയും നവീകരണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. കൂടാതെ ട്രഷറി സേവനങ്ങൾ ആധുനികവൽക്കരിക്കുന്നതിനായി IFMS സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഓൺലൈൻ സേവനങ്ങളുടെ സുരക്ഷയെ കരുതിയുള്ള ISO27001 സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ക്യാമറകൾ സ്ഥാപിക്കുകയും ഇടപാടുകാർക്ക് വിശ്രമിക്കാനുള്ള സ്ഥലത്ത് കസേര, ഫാൻ, ലൈറ്റുകൾ, വാട്ടർ പ്യൂരിഫയർ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇടപാടുകാർക്ക് ട്രഷറിയിൽ ത്വരിത ഗതിയിൽ പരമാവധി സേവനം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ